

## ഒളിമ്പിക്സ്

അജി നെല്ലനാട്

- പ്രാചീന ഒളിമ്പിക്സ്-ബി.സി. 776-ൽ ഗ്രീസിലെ ഒളിമ്പിയ ഗ്രാമത്തിൽ നടന്നു.
- ആധുനിക ഒളിമ്പിക്സ് 1896-ൽ ഗ്രീസിലെ ആതൻസിൽ തുടങ്ങി.
- ആധുനിക ഒളിമ്പിക്സിൻെറ പിതാവ് - പിയറി ഡി. കുബർട്ടിൻ
- ഒളിമ്പിക്സ് മത്സരങ്ങൾ നിയന്ത്രിക്കുന്ന സംഘടന - ഇൻറർനാഷണൽ ഒളിമ്പിക് കമ്മിറ്റി (IOC)
- ആസ്ഥാനം - സ്വിറ്റ്സർലൻഡിലെ ലൊസെയ്ൻ.
- ഇൻറർനാഷണൽ ഒളിമ്പിക് കമ്മിറ്റിയുടെ ആദ്യ പ്രസിഡൻറ് - ദിമിത്രിയസ് വികേലസ് (1894-96)
- ഐ.ഒ.സി രൂപംകൊണ്ട വർഷം - 1894
- രണ്ടാമത്തെ അധ്യക്ഷൻ - പിയറി ഡി. കുബർട്ടിൻ (1896-1925)
- ഐ.ഒ.സിയുടെ ഇപ്പോഴത്തെ അധ്യക്ഷൻ - തോമസ് ബാക്ക് (2013 മുതൽ)
- ഒളിമ്പിക്സ് മ്യൂസിയം ലൊസെയ്നിൽ(സ്വിറ്റ്സർലാൻഡ്) സ്ഥിതിചെയ്യുന്നു.
- ഒളിമ്പിക്സ് മത്സരങ്ങൾ16 ദിവസം നീണ്ടു നിൽക്കുന്നു.

### ഒളിമ്പിക്സ് മുദ്രാവാക്യം

- കൂടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂടുതൽ കരുത്തിൽ.
- തയ്യാറാക്കിയത് - ഫാദർ ഹെൻറി ഡിസിയൻ
- ലാറ്റിൻ ഭാഷയിലാണ് മുദ്രാവാക്യം തയ്യാറാക്കിയിരിക്കുന്നത്.
- മുദ്രാവാക്യം ആദ്യമായി ഉപയോഗിച്ചത് 1924-ലെ പാരീസ് ഒളിമ്പിക്സിലാണ്.

### ഒളിമ്പിക്സ് പതാക

- പതാകയുടെ നിറം - വെള്ള
- ആദ്യമായി ഉയർത്തിയത് - 1920-ലെ ആൻറ് വെർപ്പ് ഒളിമ്പിക്സ്
- പതാകയിൽ അഞ്ച് വളയങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

### ഒളിമ്പിക്സ് ചിഹ്നം

- അഞ്ച് വൻകരകളെ പ്രതിനിധാനം ചെയ്യുന്ന പരസ്പരം കോർത്ത അഞ്ച് നിറത്തിലുള്ള വളയങ്ങളാണ് ചിഹ്നം
- നീല - യൂറോപ്പ്
- മഞ്ഞ - ഏഷ്യ
- കറുപ്പ് - ആഫ്രിക്ക
- പച്ച - ഓസ്ട്രേലിയ
- ചുവപ്പ് - അമേരിക്ക
- ഒളിമ്പിക്സ് ചിഹ്നം രൂപകൽപ്പന ചെയ്തത് - പിയറി ഡി. കുബർട്ടിൻ
- ആദ്യമായി ചിഹ്നം ഉപയോഗിച്ചത് 1920-ലെ ആൻറ് വെർപ്പ് ഒളിമ്പിക്സിലാണ്.
- വളയങ്ങൾക്ക് താഴെ പ്രസരിപ്പ്, ഉന്നതി, ശക്തി എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

### ദീപശിഖ

- 1928-ലെ ആംസ്റ്റർഡാം ഒളിമ്പിക്സ് മുതലാണ് ദീപശിഖ ഉപയോഗിച്ചുതുടങ്ങിയത്.
- പ്രയാണമാരംഭിച്ചത് - 1936-ലെ ബെർലിൻ ഒളിമ്പിക്സ് മുതലാണ്.
- സൂര്യരശ്മിയിൽനിന്ന് വാതകംകൊണ്ട് കത്തുന്ന ഒളിമ്പിക്സ് ദീപശിഖ ആദ്യം ജ്വലിപ്പിക്കുന്നത് ഒരു ഗ്രീക്ക് വനിതയായിരിക്കും.
- ദീപശിഖ ആദ്യമായി ഇന്ത്യയിലെത്തിയത് 1964-ലെ ടോക്കിയോ ഒളിമ്പിക്സിനെ തുടർന്നാണ്.
- ആദ്യമായി ജലത്തിനടിയിലൂടെ കൊണ്ടുപോയത് 2000-ലെ സിഡ്നി ഒളിമ്പിക്സിലാണ്.
- ഗ്രേറ്റ് ബാരിയർ റീഫിലൂടെയാണ് ഇത് കൊണ്ടുപോയത്.

**1916 - ബെർലിൻ (നടന്നില്ല)**

**1920 - ആൻറ് വെർപ്പ്**

- ഒളിമ്പിക്സ് പതാക ആദ്യമായി ഉയർത്തി

**1924 - പാരീസ്**

**1928 - ആംസ്റ്റർഡാം**

- ഇന്ത്യ ഹോക്കിയിൽ അരങ്ങേറ്റം നടത്തി.
- ഒളിമ്പിക്സിൽ ആദ്യമായി ഹോക്കിയിൽ സ്വർണം നേടി.
- ജയ്പാൽ സിങ് ക്യാപ്റ്റൻ

**1932 - ലോസ് ആഞ്ജലസ്**

- ഒളിമ്പിക്സ് ഹോക്കിയിൽ ഇന്ത്യയുടെ ഏറ്റവും വലിയ വിജയം.
- അമേരിക്കയെ 24-1ന് പരാജപ്പെടുത്തി.

**1936 - ബർലിൻ**

- ധ്യാൻചന്ദ് ഇന്ത്യൻ ഹോക്കി ടീമിൻെറ ക്യാപ്റ്റൻ.
- ജെസി ഓവൻസ് നാല് സ്വർണം നേടിയ ഒളിമ്പിക്സ്
- ആദ്യമായി മത്സരങ്ങൾ ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യു.

**1940 - ഹെൽസിങ്കി (മത്സരങ്ങൾ നടന്നില്ല)**

**1944 - ലണ്ടൻ (മത്സരങ്ങൾ നടന്നില്ല)**

**1948 - ലണ്ടൻ**

- ഇന്ത്യൻ ഫുട്ബോൾ ടീം പങ്കെടുത്തു.

**1952 - ഹെൽസിങ്കി**

- കെ.ഡി. യാദവ് ഗുസ്തിയിൽ വെങ്കല മെഡൽ നേടി.



പി.ടി. ഉഷ



അഭിനവ് ബിന്ദ്ര

# കൂടുതൽ വേഗത്തിൽ
# കൂടുതൽ ഉയരത്തിൽ
# കൂടുതൽ കരുത്തിൽ



കർണം മല്ലേശ്വരി



ലിയാണ്ടർ പേസ്

### ഉദ്ഘാടനം

- മത്സരം ആരംഭിക്കുന്നതിനുമുൻപ് ആതിഥേയരാജ്യത്തിൻെറ ദേശീയഗാനം ആലപിക്കും
- മാർച്ച്പാസ്റ്റിൽ ഏറ്റവും മുന്നിൽ ഗ്രീസും അവസാനം ആതിഥേയരാജ്യവും അണിനിരക്കും.

### വേദികൾ

- ഒളിമ്പിക്സ് മത്സരങ്ങൾ മൂന്നുതവണ നടന്ന വേദി - ലണ്ടൻ
- ഒളിമ്പിക്സ് വേദിയായ ആദ്യ ഏഷ്യൻ രാജ്യം - ജപ്പാൻ (ടോക്കിയോ)
- നാലുവർഷത്തിലൊരിക്കലാണ് ഒളിമ്പിക്സ് നടക്കുന്നത്.
- ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്ന് 1916 ലും രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് 1940-1944 വർഷങ്ങളിലും ഒളിമ്പിക്സ് നടന്നില്ല.

**1896 - ആതൻസ്**

- ആധുനിക ഒളിമ്പിക്സ്.
- 13 രാജ്യങ്ങൾ പങ്കെടുത്തു.
- ആദ്യ മെഡൽ നേടിയത് - ജെയിംസ് കൊണോളി (യു.എസ്.എ.)
- ജേതാക്കൾ - യു.എസ്.എ.

**1900-പാരീസ്**

- വനിതകൾ പങ്കെടുത്ത ആദ്യ ഒളിമ്പിക്സ്.
- ഇന്ത്യ ആദ്യമായി പങ്കെടുത്തു.
- നോർമൻ പ്രിച്ചാഡ് എന്ന ആംഗ്ലോ-ഇന്ത്യൻ വെള്ളി മെഡൽ നേടി.
- ക്രിക്കറ്റ് മത്സരം ഉണ്ടായിരുന്ന ഏക ഒളിമ്പിക്സ്

**1904 - സെൻറ് ലൂയിസ്**

**1908 - ലണ്ടൻ**

**1912 - സ്റ്റോക്ക് ഹോം**

**1956 - മെൽബൺ**

- ഹോക്കിയിൽ ഇന്ത്യ ഡബിൾ ഹാട്രിക് തികച്ചു.

**1960 - റോം**

- ലോകത്ത് എല്ലായിടത്തും ഒളിമ്പിക്സ് മത്സരങ്ങൾ സംപ്രേഷണം ചെയ്യു.
- വിൽമറുഡോൾഫ് എന്ന ഇതിഹാസതാരത്തിൻെറ പ്രകടനം കൊണ്ട് ശ്രദ്ധേയമായ ഒളിമ്പിക്സ്

**1964 - ടോക്കിയോ (ജപ്പാൻ)**

- ഏഷ്യൻ വൻകരയിലെ ആദ്യ ഒളിമ്പിക്സ്

**1968 - മെക്സിക്കോ സിറ്റി**

**1972 - മ്യൂണിക്**

- ഇസ്രായേലി അത്ലറ്റുകൾ താമസിച്ചിരുന്ന ഹോട്ടലിൽ ബ്ലാക് സപ്തംബർ എന്ന ഗറില്ലാ ഗ്രൂപ്പുകൾ നടത്തിയ ആക്രമണത്തിൽ ഒമ്പത് ഇസ്രായേലി അത്ലറ്റുകളും രണ്ട് പരിശീലകരും കൊല്ലപ്പെട്ടു.
- ഒളിമ്പിക്സ് ഭാഗ്യചിഹ്നം ആദ്യമായി ഉൾപ്പെടുത്തി.
- ഭാഗ്യചിഹ്നം വാൻഡി എന്ന നായക്കുട്ടി.

**1976 - മോൺട്രിയോൾ**

- പ്ലാസ്റ്റിക് ഗേൾ എന്നറിയപ്പെട്ടിരുന്ന റുമേനിയയുടെ നാദിയ കൊമനേച്ചി പെർഫെക്ട് ടെൻ നേടിയ ആദ്യ താരമായി.

**1980 - മോസ്കോ**

- ഒരു സോഷ്യലിസ്റ്റ് രാജ്യം ആദ്യമായി ഒളിമ്പിക്സ് ആതിഥേയത്വം വഹിച്ചു.
- സ്പ്രിൻറ് റാണി പി.ടി. ഉഷ ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ആദ്യ മലയാളി വനിത.
- അലക്സാണ്ടർ ദിത്യാദിൻ 'പെർഫെക്ട് ടെൻ' നേടിയ ആദ്യ പുരുഷതാരമായി (ജിംനാസ്റ്റിക്സ്)

**1984 - ലോസ് ഏഞ്ചലസ്**

- പി.ടി. ഉഷ 400 മീറ്റർ ഹർഡിൽസിൻെറ ഫൈനലിൽ എത്തി.
- ഒരു നിമിഷത്തിൻെറ നൂറിലൊന്ന് വ്യത്യാസത്തിൽ വെങ്കലമെഡൽ നഷ്ടമായി.

**1988 - സോൾ**

**1992 - ബാഴ്സിലോണ**

**1996 - അറ്റ്ലാൻറ**

- ആധുനിക ഒളിമ്പിക്സിൻെറ ശതാബ്ദി വർഷം
- രാജ്യാന്തര ഒളിമ്പിക്സ് സമിതിയിലെ എല്ലാ രാജ്യങ്ങളും പങ്കെടുത്ത ആദ്യ ഒളിമ്പിക്സ്.
- ലിയാണ്ടർ പേസ് ലോൺ ടെന്നിസിൽ വെങ്കല മെഡൽ നേടി.

**2000 - സിഡ്നി**

- ഏറ്റവും കൂടുതൽ രാജ്യങ്ങൾ (199) പങ്കെടുത്ത ആദ്യ ഒളിമ്പിക്സ്.
- കർണം മല്ലേശ്വരി ഒളിമ്പിക്സ് ഭാരോദ്വഹനത്തിൽ വെങ്കല മെഡൽ നേടി.

**2004 - ആതൻസ്**

- ഏറ്റവുമധികം മെഡൽ നേടുന്ന ഏറ്റവും പ്രായംകുറഞ്ഞ താരമെന്ന ബഹുമതി അമേരിക്കയുടെ മൈക്കേൽ ഫെൽപ്സ് നേടി (8).
- രാജ്യവർധൻസിങ് റാത്തോഡിന് വെള്ളിമെഡൽ.

**2008 - ബീജിങ്**

- ഒരേ ലോകം ഒരേ സ്വപ്നം - മുദ്രാവാക്യം
- ഫുവ ഭാഗ്യചിഹ്നം.
- ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ സ്വർണം നേടുന്ന വ്യക്തിയെന്ന ബഹുമതി അമേരിക്കൻ നീന്തൽ താരം സ്വർണമത്സ്യം എന്ന് വിശേഷിപ്പിക്കുന്ന മൈക്കേൽ ഫെൽപ്സ് നേടി.
- അഭിനവ് ബിന്ദ്ര ഒളിമ്പിക്സിൽ സ്വർണമെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമായി.

**2012 - ലണ്ടൻ**

- ലണ്ടനിലെ മൂന്നാമത്തെ ഒളിമ്പിക്സ്.
- വെൻലോക്ക്, മാൻഡവില്ലെ എന്നിവയായിരുന്നു ഭാഗ്യചിഹ്നങ്ങൾ.
- 204 രാജ്യങ്ങൾ പങ്കെടുത്തു.
- 48 സ്വർണമെഡൽ നേടി അമേരിക്ക ഒന്നാം സ്ഥാനത്തെത്തി.







### ഒളിമ്പിക്സിലെ ഇന്ത്യൻ നേട്ടങ്ങൾ ഇതുവരെ

- സ്വർണമെഡൽ - 9
- വെള്ളി - 6
- വെങ്കലം - 11
- എട്ട് സ്വർണമെഡലുകൾ ഹോക്കി ടീമിനായിരുന്നു.
- ഒരു സ്വർണം അഭിനവ് ബിന്ദ്ര നേടി.